STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.428/PR/SPMC/PHQ/2025 Date: 17.12.2025

## ദേശീയ വനിതാ കമ്മിഷൻ അദാലത്ത് നാളെ (ഡിസംബർ 19) തിരുവനന്തപുരത്ത്

2023 മുതൽ 2025 വരെയുള്ള കാലയളവിൽ തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം റൂറൽ, കൊല്ലം സിറ്റി, കൊല്ലം റൂറൽ, പത്തനംതിട്ട, കൊച്ചി സിറ്റി, കണ്ണൂർ സിറ്റി, കാസറഗോഡ് എന്നീ പോലീസ് ജില്ലകളിൽ നിന്നുള്ള സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതിനായി ദേശീയ വനിതാ കമ്മീഷൻ സംഘടിപ്പിക്കുന്ന അദാലത്ത് നാളെ (ഡിസംബർ 19, വെള്ളിയാഴ്ച) ഉച്ചയ്ക്ക് ഒരു മണിമുതൽ തിരുവനന്തപുരം തൈക്കാട് പോലീസ് ട്രെയിനിങ് കോളേജിലെ മൈൻഡ് ഓഡിറ്റോറിയത്തിൽ നടക്കും.

പ്രസ്തുത അദാലത്തിന്റെ ഉദ്ഘാടനം ദേശീയ വനിതാ കമ്മീഷൻ അംഗം ദലീന ഘോങ്ങ്ധൂപ് നിർവ്വഹിക്കും. പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി എസ്.ശ്രീജിത്ത് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ പരിശീലന വിഭാഗം ഐ.ജി ഗുഗുലോത്ത് ലക്ഷ്മൺ, തിരുവനന്തപുരം റേഞ്ച് ഡി.ഐ.ജിയും ജനമൈത്രി സുരക്ഷാ പദ്ധതി യുടെ സ്റ്റേറ്റ് നോഡൽ ഓഫീസറുമായ എസ്.അജീത ബീഗം, പോലീസ് ട്രെയിനിങ് കോളേജ് പ്രിൻസിപ്പാൾ ജയശങ്കർ ആർ, ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി സെക്രട്ടറിയും സീനിയർ സിവിൽ ജഡ്ജുമായ എസ്. ഷംനാദ്, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ എം.ഡി ബിന്ദു വി.സി തുടങ്ങിയ പ്രമുഖർ ചടങ്ങിൽ സംബന്ധിക്കും.

അന്നേ ദിവസം സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് അദാലത്തിൽ പങ്കെടുക്കാവുന്നതും അവരുടെ പരാതികൾ ദേശീയ വനിതാ കമ്മീഷന് മുൻപാകെ സമർപ്പിക്കാവുന്നതുമാണ്.

*************************